സഹകരണസംഘം രജിസ്ട്രാർ
ആഫീസ്, കേരള, തിരുവനന്തപുരം,
നം: സി.ബി(1)26259/2006 തീയതി : 08.06.2007

## സർക്കുലർ നം: 35/2007

വിഷയം:- സഹകരണ വകുപ്പ് - നെൽക്കൃഷിയ്ക്ക് നൽകേണ്ട കാർഷിക വായ്പയുടെ പലിശ നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

സൂചന:- 8-6-2007-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ ഉന്നതതല യോഗം

******

സംസ്ഥാനത്ത് നെൽക്കൃഷി കുറഞ്ഞുവരുന്നതിനാലും, കേരളീയരുടെ ഭക്ഷ്യാഹാര ങ്ങളിൽ മുഖ്യ പങ്കായ അരിയുടെ ഉൽപ്പാദനം വർദ്ധിപ്പിയ്ക്കുന്നതിനും, നെൽക്കൃഷി പ്രോൽസാഹിപ്പിയ്ക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തും പതിനൊന്നാം പദ്ധതിയിൽ നെല്ലുൽപ്പാദനം ഇപ്പോഴുള്ള നിലയിൽ നിന്ന് 50% ഉയർത്തുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് കണക്കിലെടുത്തും, ചെറുകിട നാമമാത്ര കർഷകർക്ക് പരമാവധി കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കി നെല്ലുൽപ്പാദനം പരമാവധി വർദ്ധിപ്പിയ്ക്കുക എന്ന ലക്ഷ്യത്തോടെ, സഹകാരികളുടെ അഭിപ്രായങ്ങൾ കണക്കി ലെടുത്തും, കേരളത്തിൽ പ്രധാനമായി നെൽക്കൃഷി നടത്തുന്ന ആലപ്പുഴ ജില്ലയിലെ കുട്ടനാടിലെയും, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെയും കൃഷിയുടെ സ്വഭാവവും, രീതിയും, ആവശ്യമായി വരുന്ന ചിലവും കണക്കിലെടുത്തും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നൽകുന്ന നെൽക്കൃഷി വായ്പകളുടെ പലിശനിരക്ക് ചുവടെ പരാമർശിക്കുന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ചിരിയ്ക്കുന്നു.

| | | |
|---|---|---|
| 10000 രൂപ വരെ | - | 4% |
| 10001 - 15000 രൂപ വരെ | - | 4.5% |
| 15001 - 20000 രൂപ വരെ | - | 5% |
| 20001 - 25000 രൂപ വരെ | - | 5.5% |

മേൽപ്പറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നൽകുമ്പോൾ വായ്പാ പരിധി ഏക്കറിന് 4000/- രൂപ എന്ന ക്രമത്തിൽ നിജപ്പെടുത്തേണ്ടതാണ്. നെൽക്കൃഷി യ്ക്കുള്ള വായ്പകളുടെ കാലാവധി പരമാവധി 5 മാസമായിരിയ്ക്കും. വർഷത്തിൽ

ഒന്നിലധികം തവണ നെൽകൃഷിയ്ക്കുള്ള വായ്പ ആവശ്യമുള്ള കർഷകർക്ക് ആദ്യ വായ്പ പൂർണ്ണമായി അടച്ചതിനു ശേഷം മാത്രമേ അടുത്ത തവണത്തെ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ. ബാങ്കുകൾ/സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്ന് മേൽപ്പറഞ്ഞ പലിശ നിരക്കിൽ നൽകുന്ന വായ്പാ തുകയ്ക്ക് 2% പലിശയിളവ് നൽകുന്ന നബാർഡ് പദ്ധതി 2007-2008 വർഷത്തിൽ ഉണ്ടായിരിയ്ക്കുന്നതാണ്.

മുകളിൽ പറഞ്ഞ പലിശനിരക്കിൽ നൽകുന്ന വായ്പകൾ നെൽക്കൃഷിയ്ക്കു മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ. ദുരുപയോഗം ചെയ്യുന്ന വായ്പകൾ കാലാവധി നോക്കാതെ തന്നെ കാർഷികേതര വായ്പാ പലിശനിരക്കിൽ തിരിച്ചടപ്പിയ്ക്കുന്നതിന് ബാങ്കുകൾ/സംഘങ്ങൾ നിയമ നടപടി സ്വീകരിക്കേണ്ടതാണ്.

ഓരോ ബാങ്കും/സംഘവും തങ്ങളുടെ പ്രവർത്തന പരിധിയിൽ നെൽക്കൃഷി നടത്തുന്ന കൃഷിസ്ഥലത്തിന്റെ വ്യാപ്തി, നൽകിയ വായ്പകളുടെ വിവരം (പേര്, തുക, നൽകിയ തീയതി, പലിശനിരക്ക്, തിരിച്ചടച്ച തീയതി) എന്നിവ അടങ്ങിയ രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്.

ഈ സർക്കുലറിന് 15-6-2007 മുതൽ പ്രാബല്യമുണ്ടായിരിയ്ക്കുന്നതാണ്.

ഒപ്പ്/-
വി. രഘുനാഥ്.
**സഹകരണസംഘം രജിസ്ട്രാർ(ഇൻ ചാർജ്ജ്)**

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്,
3. ജനറൽ മാനേജർമാർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
5. എല്ലാ പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ മുഖേന)
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും(ജോയിന്റ് രജിസ്ട്രാർ മുഖേന)
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
8. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും (10).സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

Stalha

സഹകരണ സംഘം രജിസ്ട്രാർക്കു വേണ്ടി